# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/269/2017 2017 ഡിസംബർ 23

## പത്രക്കുറിപ്പ്

**പ്രാക്ടിക്കൽ പരീക്ഷ**

2017 ഒക്ടോബർ മാസം നടത്തിയ തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജിലെ 3, 5 സെമസ്റ്റർ ബി.എ. കഥകളി വേഷം (സി.ബി.സി.എസ്.എസ്–റെഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2018 ജനുവരി 9, 10 തീയതികളിൽ ആർ.എൽ.വി. കോളേജിൽ വെച്ച് നടത്തും. ടൈം ടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം പ്രഖ്യാപിച്ചു**

2017 ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന എം. എ സോഷ്യോളജി (ഓഫ് ക്യാമ്പസ്) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 06.01.2018 നു മുൻപായി അപേക്ഷിക്കേണ്ടതാണ്.

2017 ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന എം. എ ഇംഗ്ലീഷ് (ഓഫ് ക്യാമ്പസ്) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 08.01.2018 നു മുൻപായി അപേക്ഷിക്കേണ്ടതാണ്.

**ദക്ഷിണമേഖല അന്തർസർവ്വകലാശാലാ യുവജനോത്സവത്തിൽ എം ജി –ക്ക് തിളക്കം**

ഡിസംബർ 18 മുതൽ 22 വരെ ചെന്നൈ ഹിന്ദുസ്ഥാൻ സർവ്വകലാശാലയിൽ നടന്ന 33–ാമത് ദക്ഷിണമേഖല അന്തർസർവ്വകലാശാലാ യുവജനോത്സവത്തിൽ എം ജി സർവ്വകലാശാല ഓവറോൾ റണ്ണറപ്പ് കിരീടം സ്വന്തമാക്കി. മറ്റ് സർവ്വകലാശാലകളെ ബഹുദൂരം പിന്നിലാക്കിയാണ് എം.ജി സർവ്വകലാശാല ഈ നേട്ടം കൈവരിച്ചത്. സാഹിത്യവിഭാഗത്തിലും തീയറ്ററിലും ചാമ്പ്യൻഷിപ്പ് അർഹത നേടി.

സ്കിറ്റ്, എലക്യൂഷൻ, ഇൻസ്റ്റലേഷൻ എന്നിവയ്ക്ക് ഒന്നാം സ്ഥാനം ലഭിച്ചു. എറണാകുളം മഹാരാജാസ് കോളേജിലെ മേഘ പി. ജോസഫ്, ഋതുല്യ ബി നായർ, മിഥുൻ ടി, നിഖിൽ മധു, ശ്രീലേഖ ടി. എ., വിഷ്ണു ഷാജി, എന്നിവരാണ് സ്കിറ്റ് അവതരിപ്പിച്ചത്. തേവര എസ് എച്ച് കോളേജിലെ മിന്നാ ജോസഫ് എലക്യൂഷനും, ഇൻസ്റ്റലേഷന് സുമീഷ് എസ് (അക്വിനാസ് കോളേജ്, ഇടക്കൊച്ചി) സി എസ് ജസ്വത് (തേവര എസ് എച്ച് കോളേജ്) യദുകൃഷ്ണൻ (ഗവ. കോളേജ്, തൃപ്പൂണിത്തറ) മിന്നാ ജോസ് (എസ് എച്ച് കോളേജ്, തേവര) എന്നിവരും ഒന്നാം സ്ഥാനം നേടി.

ക്ലാസിക്കൽ ഡാൻസ്, പാശ്ചാത്യസംഘഗാനം എന്നിവയ്ക്ക് രണ്ടാം സ്ഥാനം ലഭിച്ചു. കാക്കനാട് രാജഗിരി കോളേജിലെ കാവ്യാ രാജഗോപാൽ ഡാൻസിനും വെനീസാ മരിയ ഫെർണാണ്ടസ് (സെന്റ് തെരേസാസ് കോളേജ്, എറണാകുളം) ഐഡ എലിസബത്ത് ജോർജ്ജ് (സി എം എസ് കോളേജ്, കോട്ടയം) ഹന്നാ ലിസ വർഗ്ഗീസ് (യു സി കോളേജ്, ആലുവ) ഷെറിൻ സാറാ തോമസ് (സി എം എസ് കോളേജ്, കോട്ടയം) ഏലു എൽസാ കുര്യൻ (എസ് ബി കോളേജ് ചങ്ങനാശേരി) ഒലീവിയ അന്ന എലിസബത്ത് ചാണ്ടി (തേവര എസ് എച്ച് കോളേജ്), അലൻ പി സാം (എസ് ബി കോളേജ് ചങ്ങനാശേരി) എന്നിവർ പാശ്ചാത്യസംഘഗാനത്തിന് മികവ് തെളിയിച്ചു.

മിമിക്രി, തന്ത്രിവാദ്യം, ഡിബേറ്റ്, എന്നിവയ്ക്ക് മൂന്നാം സ്ഥാനം ലഭിച്ചു. കാലടി ശ്രീ ശങ്കര കോളേജിലെ അമൽ അശോക് (മിമിക്രി), തൃപ്പൂണിത്തുറ ആർ എൽ വി കോളേജിലെ നവനീത് കൃഷ്ണൻ (തന്ത്രിവാദ്യം) കൊച്ചിൻ കോളേജിലെ ചാൾസ് ലോനപ്പൻ, തേവര എസ് എച്ച് കോളേജിലെ മിന്നാ ജോസഫ് (ഡിബേറ്റ്) എന്നിവർ മൂന്നാം സ്ഥാനം നേടി.

2018 ഫെബ്രുവരിയിൽ ഉത്തരാഖണ്ഡിലെ റാഞ്ചി സർവ്വകലാശാലയിൽ നടക്കുന്ന അഖിലേന്ത്യാ യുവജനോത്സവത്തിൽ ഇവർ പങ്കെടുക്കും.

വിജയികളെ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, പ്രൊ–വൈസ് ചാൻസലർ ഡോ. സാബു തോമസ്, രജിസ്ട്രാർ ശ്രീ. എം. ആർ. ഉണ്ണി എന്നിവർ അഭിനന്ദിച്ചു.

വിജയികൾക്കുള്ള ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റുകളും പ്രത്യേകമായി നടത്തുന്ന യോഗത്തിൽ വിതരണം ചെയ്യുന്നതാണെന്ന് ഡിപ്പാർട്ടുമെന്റ് ഓഫ് സ്റ്റുഡന്റ് സർവ്വീസ് ഡയറക്ടർ ഡോ. ഹരികുമാർ ചങ്ങമ്പുഴ അറിയിച്ചു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)**